# അക്കാദമിക് മാസ്റ്റർപ്ലാൻ



## 2025-26

## ജി.എൽ.പി.സ്കൂൾ പുള്ളന്നൂർ ന്യൂ

### കോഴിക്കോട് ജില്ല

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025–26

## ജി. എൽ. പി. സ്കൂൾ പുള്ളന്നൂർ ന്യൂ

## കോഴിക്കോട് ജില്ല

# PROFILE

| | | |
|---|---|---|
| Name of School | : | GLPS Pullanur New |
| Date of Establishment | ; | 1973 |
| Name of Village | : | Chathamangalam |
| Name of cluster | : | Chathamangalam |
| Name of Panchayath | : | Chathamangalam |
| Name of Block | : | Kunnamangalam |
| Name of BRC | : | Mavoor |
| Name of District | : | Kozhikode |
| Name of Sub District | : | Kunnamangalam |
| Name of HM | : | Sabira .E |
| Email id | : | glpspullanurnew123 |
| School code | : | 47209 |

# ആമുഖം

ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിലെ ഒരു സർക്കാർ വിദ്യാലയമാണ് പുള്ളന്നൂർ ന്യൂ ഗവൺമെൻറ് എൽ പി സ്കൂൾ. 1973 ൽ സ്ഥാപിതമായ ഈ വിദ്യാലയം സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ ഒട്ടേറെ പ്രതിഭകൾക്ക് ജന്മം നൽകിയിട്ടുണ്ട് . ഈ സ്ഥാപനം ഇന്ന് മാറ്റത്തിന്റെ പാതയിലാണ് ജനപങ്കാളിത്തവും അധ്യാപക കൂട്ടായ്മയും എസ് എം സി യുടെ ഇടപെടലും സ്കൂളിൻറെ വളർച്ചയിൽ ഒട്ടേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട് .മികവുകൊണ്ടും പഠന പ്രവർത്തനം കൊണ്ടും ഈ സ്ഥാപനം ശ്രദ്ധേയമാണ് . പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻറെ മികവിലേക്ക് നയിക്കുമെന്ന് പ്രത്യാശിക്കുന്നു. അതിനായി നടത്തുന്ന ഈ സത്ഉദ്യമത്തിലും തുടർ പ്രവർത്തനങ്ങളിലും എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു

# ചരിത്രം

1973ല് സ്ഥാപിതമായ പുള്ളന്നൂർ ന്യൂ ഗവൺമെൻറ് എൽ പി സ്കൂൾ അന്ന് നിർമ്മിക്കപ്പെട്ട പ്രീ കെ .ഇ.ആർ. പ്രകാരമുള്ള അതേ ക്ലാസ് മുറികളിലും കുന്നമംഗലം എം എൽ എ ശ്രീ പി.ടി.എ റഹീം അവർകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 5 ക്ലാസ് മുറികളിലും ആണ് പ്രവർത്തിക്കുന്നത് പഞ്ചായത്തിലെ ഒരേക്കറിലധികം സ്ഥലമുള്ള ഏക സർക്കാർ സ്ഥാപനമാണിത്.

കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കാൻ വേണ്ടി പുള്ളന്നൂർ പ്രദേശത്ത് ഒരു വിദ്യാലയം ഇല്ലാത്തതിനാൽ നാട്ടിൽ ഒരു സ്കൂൾ സ്ഥാപിക്കുക എന്ന ചിരകാല മോഹവുമായി ഒരു കൂട്ടം വ്യക്തികൾ ഒത്തുകൂടി അവരുടെ ചർച്ചകളിൽ നിന്ന് പിറന്നതാണ് പുള്ളന്നൂർ ന്യൂ എൽപി സ്കൂൾ 1969 70 കാലഘട്ടത്തിൽ പ്രാഥമിക പ്രവർത്തികൾ തുടങ്ങിയെങ്കിലും അംഗീകാരത്തിനു വേണ്ടി മൂന്ന് വർഷത്തോളം കാത്തിരിക്കേണ്ടിവന്നു കെട്ടിടം നിർമ്മിക്കാൻ സ്ഥല പരിമിതി ഒരു പ്രശ്നമായി നിലനിൽക്കെ സ്കൂളിന്റെ വാർഷികവും ഗാനമേളകളും സംഘടിപ്പിച്ച് പണം സ്വരൂപിച്ച് സ്ഥലം വാങ്ങി. നാട്ടുകാരുടെ പൂർണ്ണ സഹകരണത്തോടുകൂടി സ്ഥലം പല വ്യക്തികളിൽ നിന്ന് ശേഖരിച്ച് സ്ഥലത്തിൻറെ രജിസ്ട്രേഷൻ പൂർത്തീകരിച്ചു

സ്കൂളിൻറെ മുഴുവൻ ഫർണിച്ചറുകളും കെട്ടിടവും നാട്ടുകാരുടെ അകമഴിഞ്ഞ സംഭാവനകൾ ആണ് .

ഈ സ്ഥാപനം ഇന്ന് മാറ്റത്തിന്റെ പാതയിലാണ്. ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഒരേക്കറിലധികം സ്ഥലസൗകര്യമുള്ള സ്ഥാപനമാണിത് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ കൊണ്ടും പഞ്ചായത്ത് ബ്ലോക്ക് മണ്ഡലതല മികവുത്സവ പരിപാടികളിലെ തിളക്കമാർന്ന പ്രവർത്തനം കൊണ്ടും ഈ സ്കൂൾ ശ്രദ്ധേയമാണ് . കലോത്സവങ്ങളിലും പ്രവർത്തിപരിചയമേളകളിലും അറബി കലാമേളകളിലും ഈ സ്ഥാപനം ഉന്നതിയിലാണ് അക്കാദമിക മേഖലകളിലുള്ള തിളക്കം കൊണ്ടും കുട്ടികളുടെ വർദ്ധനവ് പരിഗണിച്ചും ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സ്കൂളിന് ഒരു വാഹനം അനുവദിക്കുകയുണ്ടായി ദൂരസ്ഥലങ്ങളിൽ നിന്നും കുട്ടികളെ സ്കൂളിലേക്ക് ആകർഷിപ്പിക്കാൻ  ഇതുമൂലം സാധ്യമായി ബിആർസിയുടെയും ഡിഡിഒയുടെയും സഹായത്തോടെ സ്കൂളിൽ ഒരു ജൈവവൈവിധ്യ ഉദ്യാനം ഉണ്ട് ഇതുമൂലം കുട്ടികളെ പ്രകൃതിയോട് ഇണക്കി എടുക്കാൻ സാധിച്ചു ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻറെ പുരോഗതി കണക്കിലെടുത്ത് കൊണ്ട് ഹലോ ഇംഗ്ലീഷ് സ്റ്റേറ്റ് മോണിറ്ററിങ് ടീം സ്കൂൾ സന്ദർശിക്കുകയുണ്ടായി ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖല മാറ്റത്തിന്റെ പാതയിലാണ് എല്ലാ വിദ്യാലയങ്ങളും മികവിലേക്ക് എന്ന ലക്ഷ്യം നേടിയെടുക്കാൻ വിദ്യാലയ അന്തരീക്ഷം പൂർണമായി മാറേണ്ടതുണ്ട് ഭൗതികം അക്കാദമികം സാമൂഹികം സാമ്പത്തികം ആരോഗ്യം കലാകായികം പ്രവർത്തിപരിചയം തുടങ്ങിയ എല്ലാ മേഖലകളിലും മാറ്റങ്ങൾക്ക് വിധേയമായി വരുന്നു

# ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ നാലു വരെ ഓരോ ക്ലാസിലും കുട്ടിയാർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക
- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിലൊതുങ്ങിക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്ക ത്തക്ക രീതിയിൽ കാര്യക്ഷമമായ അധ്യാപക പരിശീലനം ഉറപ്പുവരുത്തുക
- പാഠ്യേതര മികവ് ഉയർത്തുന്നതിന് ആവശ്യമായ ബൗദ്ധിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക
- മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക
- മദ്യപാനം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാൻ ആവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക
- പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക
- ക്യമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക വഴി പ്രകൃതിയുമായി കുട്ടികളെ അടുപ്പിക്കുക
- സ്കൂൾതലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കൽ
- തനതായ ഒരു ജനകീയ വിദ്യാഭ്യാസ മാതൃക സൃഷ്ടിക്കുക
- വിദ്യാഭ്യാസത്തിൻറെ സമസ്ത തലങ്ങളിൽ അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുക
- സ്കൂൾ വായനശാലകൾ ലബോറട്ടറികൾ ആധുനികവൽക്കരിക്കൽ
- സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തൽ

- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കൽ

## കാഴ്ച്ചപ്പാട്

- ഒന്നുമുതൽ നാലു വരെ ക്ലാസിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ ആർജിക്കാൻ അവസരം ഒരുക്കുക
- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി I C T സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അദ്ധ്യായം ഉറപ്പാക്കുക
- പഠനവും ബോധനവും ആഹ്ലാദകരമാക്കി മാറ്റുക
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷനാത്മക പഠനത്തിനും അവസരം ഒരുക്കുകയും നിരന്തര വിലയിരുത്തിലൂടെ പരിമിതി പരിഹരിച്ചു മുന്നേറുകയും ചെയ്യുക
- കുട്ടിയുടെ പഠനവേഗത പഠന ശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക
- I C T സംവിധാനത്തോടുകൂടിയ ഹൈടെക് ക്ലാസ് മുറികൾ സാധ്യമാക്കുക
- സമ്പൂർണ്ണ ശുചിത്വം പ്ലാസ്റ്റിക് കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക
- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക
- കുട്ടികളുടെ മാനസിക ശാരീരിക പ്രയാസങ്ങൾ തൽസമയം പരിഹരിക്കുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തുക
- കൃഷിയോടുള്ള ആഭിമുഖ്യം വളർത്താനായി വിഷ രഹിത പച്ചക്കറി കൃഷിക്ക് ക്യാമ്പസിൽ പ്രോത്സാഹനം നൽകുക
- വ്യക്തി ശുചിത്വം ഉറപ്പാക്കുന്ന വിധത്തിൽ വിദ്യാലയത്തിലെ ശുചിമുറികൾ സജ്ജീകരിക്കുക
- എൻറെ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എന്ന സ്വപ്നസാക്ഷാത്കാരം വികസന പദ്ധതി തയ്യാറാക്കൽ

# അവസ്ഥാപഠനം (ഭൗതികം)

വിദ്യാലയ വിഭവങ്ങൾ -ലഭ്യത - പര്യാപ്തത - ഉപയോഗക്ഷമത

## ആമുഖം

ഓരോ വിദ്യാലയത്തിനും അതിൻറെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ മനുഷ്യ വിഭവ ശേഷി ഭൗതിക സാഹചര്യങ്ങൾ മനുഷ്യ വിഭവശേഷി സമ്പത്ത് വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്ര്യവും ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയും ആണ് ലഭ്യത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതത്വവും ഗുണപ്രദവുമായ പഠന സാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്

- പുള്ളന്നൂർ ന്യൂ ഗവൺമെൻറ് എൽ പി സ്കൂളിൻറെ വിസ്തൃതി ഒരു ഏക്കർ ആണ് സ്കൂളിലെ മുൻ ഭാഗത്തായി ജൈവവൈവിധ്യ ഉദ്യാനം ഉണ്ട്
- സ്കൂളിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 150 ഓളം കുട്ടികളാണുള്ളത് ക്ലാസ് മുറികൾ പ്രകാരം നിർമ്മിച്ച പഴയ ക്ലാസ് മുറികൾ തന്നെയാണ് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനം കാര്യക്ഷമമായി നടക്കണമെങ്കിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ അനിവാര്യമാണ്
- സ്കൂളിനോട് ചേർന്ന് പ്രീ പ്രൈമറി വിഭാഗം പ്രവർത്തിച്ചുവരുന്നു
- ക്ലാസ് മുറികളിൽ ബെഞ്ച് ഡെസ്ക് എന്നീ ഇരിപ്പിട സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്
- മറ്റ് ആവശ്യങ്ങളുള്ള മുറികൾ സ്റ്റാഫ് മുറികൾ പെൺകുട്ടികൾക്കുള്ള പ്രത്യേകമുറി ലൈബ്രറി ലാബ് സൗകര്യം സന്ദർശനം മുറി വായന സൗകര്യ വും ഓഡിറ്റോറിയം ആധുനിക സൗകര്യമുള്ള അടുക്കള സ്റ്റോർ റൂം ഭക്ഷണമുറി സ്റ്റേജ് എന്നിവ ലഭ്യമാക്കണം
- **ജലലഭ്യത** : സ്കൂളിന് സ്വന്തമായി കിണറുണ്ട് പഠിതാക്കളുടെ എണ്ണത്തിന് അനുപാതികമായി സൗകര്യമുണ്ട് ജലശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നു കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളമാണ് കൊടുക്കുന്നത് സ്കൂളിൽ മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടുണ്ട്

**ഉച്ചഭക്ഷണം** : വിദ്യാലയത്തിൽ തന്നെ രുചികരവും പോഷക സമൃദ്ധവുമായ ഭക്ഷണം ഭക്ഷണം വിതരണം ചെയ്തുവരുന്ന പ്രാദേശിക പരിഗണനന അനുസരിച്ച് പ്രഭാത ഭക്ഷണ പരിപാടി നൽകിവരുന്നു

# അക്കാദമികം

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിൽ അക്കാദമിക മികവിന് ഏറെ പ്രാധാന്യമുണ്ട് പഠിതാക്കളുടെ ശേഷി വികാസവുമായി ബന്ധമുള്ള പ്രധാനപ്പെട്ട മേഖലകളാണ് പഠനബോധനതന്ത്രങ്ങൾ കൃത്യമായ ആസൂത്രണം ഫലപ്രദമായ പഠന പശ്ചാത്തലം ഒരുക്കൽ വ്യത്യസ്തമായ പഠന തന്ത്രങ്ങളുടെ നിർവഹണം അധ്യാപികയുടെ പരിജ്ഞാനം കുട്ടികളുടെ പഠനശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠനനിലവാരം കൈവരിക്കുന്നതിന് സഹായിക്കുന്ന വിലയിരുത്തൽ പ്രക്രിയയുടെ ഫലവത്തായ നിർവഹണം ഇതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഇതുവഴി വിദ്യാർഥികളെ മനസ്സിലാക്കാനും തൻറെ പഠനബോധന രീതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും അധ്യാപകനു കഴിയുന്ന

- കുട്ടിയെ അറിയലാണ് പഠനബോധന പ്രക്രിയയുടെ ആദ്യഘട്ടം ഇതിനായി ഗ്രഹ സന്ദർശനം നടത്താറുണ്ട്
- പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന മുഴുവൻ പഠന നേട്ടങ്ങളും പൂർണമായും കുട്ടികളിലേക്ക് എത്തിക്കാൻ പ്രയാസങ്ങൾ നേരിടുന്നുണ്ട്
- പഠന വിഭവങ്ങളുടെ ലഭ്യത പൂർണമായും ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്
- പഠന നേട്ടം എല്ലാ കുട്ടികളെയും പരിഗണിക്കും വിധം സൂക്ഷ്മ തല ആസൂത്രണത്തിലൂടെ നടപ്പിലാക്കാൻ നേരനുഭവം പരിശീലനങ്ങളിലൂടെ ലഭിക്കുന്നില്ല
- C P T A പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്
- പാഠ്യപദ്ധതിയുടെ ആധിക്യം പഠന നേട്ടങ്ങൾ എല്ലാവരിലും പരിപൂർണ്ണതയിലേക്ക് എത്തിക്കാൻ വിലങ്ങു തടിയാകുന്ന

- I C T സൗകര്യങ്ങളുടെ പരിമിതി പഠന പരിപൂർണ്ണതയിൽ എത്തിക്കാൻ പ്രയാസം ഉളവാക്കുന്നു
- കുട്ടികൾക്കായി പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ലഭ്യമാണ്
- അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്താനായി രക്ഷിതാക്കളുടെ പങ്കാളിത്തം മെച്ചപ്പെടേണ്ടതുണ്ട്

# സാമൂഹ്യപങ്കാളിത്തം

കേരളത്തിൻറെ വിദ്യാഭ്യാസ മേഖല മാറ്റത്തിന്റെ പാതയിലാണ് ഇതിന്റെ പ്രധാന ചാലകശക്തിയാവേണ്ടത് പൊതുസമൂഹമാണ് അതുകൊണ്ട് എസ് എം സി പി ടി എ പൂർവ്വ വിദ്യാർത്ഥി സംഘടന അധ്യാപകർ വിദ്യാർഥികൾ രക്ഷിതാക്കൾ പ്രദേശവാസികൾ തുടങ്ങിയ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉള്ളവരുടെ പങ്കാളിത്തം വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ നിർണായകമായിത്തീരുന്നു നമ്മുടെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കലാണ് അതിനുള്ള അന്തരീക്ഷവും പഠനസഹായ സംവിധാനവും വിദ്യാലയത്തിൽ രൂപപ്പെടുത്തുന്നതിന് പൊതുസമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം വേണം ഇതിനായി വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിക്കണം പാഠ്യപദ്ധതി വിനിമയം ഫലപ്രദമാവണം

- നിലവിൽ സ്കൂൾ എസ് എം സി കമ്മിറ്റി വളരെ ക്രിയാത്മക ഇടപെടലാണ് നടത്തുന്നത്
- പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിലേക്ക് വേണ്ട ഫർണിച്ചർ നൽകിയത് മാതൃകാപരമാണ്
- ജൈവവൈവിധ്യ പാർക്കിലേക്ക് മോട്ടോർ സ്പോൺസർ ചെയ്തത് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയാണ്
- എസ് എം സി പി ടി എ പൂർവ്വവിദ്യാർത്ഥികൾ സാമൂഹിക പ്രമുഖരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ വിവിധ മേഖലകളിലായി ഇനിയും ഉറപ്പാക്കേണ്ടതുണ്ട്
- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹിക പ്രവർത്തകർ എന്നിവർക്ക് മതിയായ അവബോധമില്ല

- സഹജീവികളോട് സ്നേഹം കരുണ അനുതാപം എന്നിവ വികസിക്കുന്നില്ല
- കലാ കായിക പ്രവർത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുന്നില്ല

# ക്ലാസ് അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം വൈജ്ഞാനിക മേഖല സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലകൾ പരിഗണിച്ചാണ് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത് കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത് ഓരോ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻറെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം

# ഒന്നാം ക്ലാസ്

ഗണിതം

**TERM 1**

ലക്ഷ്യങ്ങൾ

- കൂട്ടത്തിൽ നിന്നും 1-9 വസ്തുക്കൾ എണ്ണിയെടുക്കുക
- വസ്തുക്കളെ താരതമ്യം ചെയ്യൽ
- ഗണിത കേളികളിൽ ഏർപ്പെടുന്നു

പ്രവർത്തനങ്ങൾ

- ചിത്രം താരതമ്യം ചെയ്യൽ
- ചിത്രം വരച്ചൊട്ടിക്കൽ
- ഗണിത കിറ്റ് ഒരുക്കൽ
- ഉല്ലാസ ഗണിതം കളികൾ
- 1-5 വ്യത്യസ്ത കൂട്ടങ്ങൾ ആക്കൽ
- സംഖ്യ പോക്കറ്റ് രൂപീകരണം

**TERM 2**

- പത്തുകൾ ഒന്നുകൾ ചേർത്ത് സംഖ്യ രൂപീകരിക്കൽ
- സംഖ്യകളെ വ്യത്യസ്ത രൂപത്തിൽ വ്യാഖ്യാനിക്കൽ (1 ,10)
- രണ്ട് ഒരക്ക സംഖ്യകൾ സംഖലനം
- രണ്ട് ഒരക്ക സംഖ്യകൾ വ്യവകലനം
- രണ്ടിന്റെയും അഞ്ചിന്റെയും കൂട്ടങ്ങൾ ആക്കുന്നതിന്

പ്രവർത്തനങ്ങൾ

- T B ആക്ടിവിറ്റി  പത്തുകളും ഞാനും
- കടങ്കഥ പത്തുകൾ എന്നിൽ മൂന്നാണേ ഒന്നുകൾ എന്നിൽ ആകെ എത്ര 10 10 1 1
- ഉല്ലാസ ഗണിതം കളികൾ
- സങ്കലനം ,വ്യവകലനം(  T B activities)
- ആകെ എത്ര ,ബാക്കി എത്ര

- മഞ്ചാടിക്കളി
- ഗണിത കിറ്റ്
- മുത്തശ്ശിയും ചിന്നു പൂച്ചയും
- വ്യവകലനം -കഥ
- പാടി രസിക്കാം
- ബാക്കിയെത്ര ( വ്യവകലനം)

**TERM 3**

- 1-100 വരെ സംഖ്യകൾ എണ്ണുന്നതിന് ,എഴുതുന്നതിന്
- 20 വരെ സംഖ്യകൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനം
- സങ്കലനം വ്യവകലനം
- 2 5 10 കൂട്ടങ്ങൾ ആക്കൽ
- സമയവും സമയവുമായി ബന്ധപ്പെട്ടവവ
- രൂപയും നാണയവും പരിചയപ്പെടൽ
- മാസങ്ങൾ ആഴ്ചകൾ
- ദിവസങ്ങൾ തിരിച്ചറിയുന്നതിന് പ്രശ്നാപഗ്രതനം
- എണ്ണാം , എഴുതാം (1- 100 )
- T B പ്രവർത്തനം
- സംഖ്യാ വ്യാഖ്യാനം
- ഉല്ലാസ് ഗണിതം കളികൾ ഒ
- ളിഞ്ഞിരിക്കുന്നതാര്
- T B പ്രവർത്തനം (സംഘലനം വ്യവകലനം)
- 2 5 10 കൂട്ടങ്ങൾ ആക്കൽ
- കയറാം ഇറങ്ങാൻ കളി
- സമയം - കടങ്കഥകൾ
- നാണയം -വരക്കാം നിറം നൽകാം
- കളിനോട്ട് പരിചയപ്പെടൽ
- മാസ പാട്ട് ആഴ്ചപ്പാട്ട് അവതരണം
- ക്ലാസിൽ ഒരു കളിപ്പാട്ട കട
- സങ്കലനം ,വ്യവകലനം, പ്രശ്നാപഗ്രതനം

# മലയാളം

പ്രവർത്തന ലക്ഷ്യങ്ങൾ

- സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് പദങ്ങൾ വാക്യങ്ങൾ ആശയങ്ങൾ എഴുതുന്നു.
- സ്വന്തം ആശയം വ്യത്യസ്ത രീതിയിൽ (വാചികം അഭിനയം ചിത്രരചന നിർമ്മാണം) പ്രകടിപ്പിക്കുന്നു
- എല്ലാ കുട്ടികളും ചെറുവാക്യം ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവ് നേടുന്നു
- ആകർഷകവും സമഗ്രവുമായ നോട്ടുപുസ്തകം എല്ലാ കുട്ടികളും ഉറപ്പാക്കുന്നു
- വരച്ചും എഴുതിയും തന്നെ ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.

## **FIRST TERM** പ്രവർത്തനങ്ങൾ

- പഠനോപകരണ ശില്പശാല
- സി പി ടി എ
- കുട്ടികളുടെ പ്രകടനം -പഠന തെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും
- പഠന പുരോഗതി വിലയിരുത്തൽ തുടർ പ്രവർത്തനം
- സചിത്ര നോട്ടുപുസ്തകം തയ്യാറാക്കൽ
- സംയുക്ത ഡയറി തയ്യാറാക്കൽ
- വായനോത്സവം രചനോത്സവം

ജൂൺ

- വാട്സപ്പ് ഗ്രൂപ്പ് രൂപീകരണം
- എ എം പി പ്രകാശനം
- സി പി ടി എ
- ശില്പശാല (പഠനോപകരണം)
- സചിത്രനോട്ടുബുക്ക് ആരംഭം
- ഡോക്യുമെന്റേഷൻ

- വായനോത്സവം
- ലൈബ്രറി ഉദ്ഘാടനം
- അമ്മമാരുടെ കഥ പറയൽ
- കഥ കേൾക്കാം ഐ സി ടി
- വായനക്കാർഡ് തയ്യാറാക്കൽ

ജൂലൈ

- പഠനോപകരണ ശില്പശാല
- സംയുക്ത ഡയറി
- C P T A
- ചിത്ര വായന
- പാടാം രസിക്കാം (കുട്ടിപ്പാട്ടുകൾ)
- ചിത്രം വരയ്ക്കാൻ പറയാം

ആഗസ്റ്റ്

- പഠനോപകരണ ശില്പശാല
- C P T A
- പരിചിത അക്ഷരങ്ങൾ  വരുന്ന വായന കാർഡ്
- വായന
- രചനോത്സവം
- പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതിയിലേക്ക്
- C P T A തൽസമയ പ്രകടനം

സെപ്റ്റംബർ

**TERM 2**

- കഥാപാത്രം സംഭവം അടങ്ങിയ ചിത്രം വായന വാചിക പ്രകടനം
- സർഗാത്മക വികാസം ചിത്രം വര നിർമ്മാണം അഭിനയം കളികൾ
- കുട്ടിക്കവിത ഒറ്റക്കും സംഘമായും ചൊല്ലൽ
- നിശ്ചിത ആശയവുമായി ബന്ധപ്പെട്ട പദം വാക്യം ആശയം എഴുതൽ
- ആശയം തിരിച്ചറിഞ്ഞ് വായന
- അക്ഷരങ്ങളും ആലേഖനക്രമം പാലിച്ച എഴുതൽ

**Term 2** പ്രവർത്തനം

സെപ്റ്റംബർ

- ആഘോഷവുമായി ബന്ധപ്പെട്ട അനുഭവം പറയൽ
- പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ (കവിത,വിവരണം ) എഴുതുന്നു
- വായിക്കാം TB
- വായന സാമഗ്രികൾ ബാലസാഹിത്യകൃതികൾ
- ചിത്രം -വായന സമഗ്രി വായിച്ച് ആശയം കണ്ടെത്തൽ
- ആഹാരവുമായി ബന്ധപ്പെട്ട ആശയം ലഘുവാക്യം ,വായന
- പാഠങ്ങളുടെ ചുരുക്കം അവതരണം കവിതകൾ ചൊല്ലാം

**TERM 3**

- കാർഷികവൃത്തിയിലേക്കുള്ള താൽപര്യം വളർത്തൽ
- ലഘു വിവരണം വായിക്കുന്നതിന്
- പാട്ടുകൾ പാടി രസിക്കുന്നതിന്
- വിവരണം എഴുതുന്നതിന്
- നിർമ്മാണ പ്രവർത്തനം പേശി വികാസം
- ചെറിയ കഥകൾ വായിക്കുന്നതിന്
- ചിത്രം നോക്കി കഥ എഴുതുന്നതിന്
- കത്ത് എഴുതുന്നതിന്

ജനുവരി

- സ്കൂളിൽ പച്ചക്കറി കൃഷി
- വായിക്കാം T B പ്രവർത്തനം
- തത്തമ്മ പെണ്ണ്
- കൃഷിയുമായി ബന്ധപ്പെട്ട പാട്ടുകൾ പാടുന്നതിന് ലഘുവായനക്കാർഡ് വായിക്കുന്നതിന്
- വാഹനങ്ങളുടെ ചിത്രം ശേഖരണം
- വരച്ച് നിറം നൽകാൻ
- വാഹനം -വിവരണം തയ്യാറാക്കൽ
- ലഘുവാഹനം നിർമ്മാണം ബാലസാഹിത്യകൃതികൾ വായന
- ടി ബി ചിത്രത്തിൽ നിന്നും കഥയിലേക്ക്

- ലഘു വിവരണം തയ്യാറാക്കൽ
- കത്ത് എഴുതുന്നതിന്

പരിസര പഠനം

ലക്ഷ്യങ്ങൾ

- ചുറ്റുപാടുമുള്ള മാറ്റങ്ങൾ മനസ്സിലാക്കുക
- വീടിൻറെ ആവശ്യകത തിരിച്ചറിയൽ
- വീട്ടുപകരണങ്ങൾ പട്ടികപ്പെടുത്തൽ
- കുടുംബാംഗങ്ങൾ പരസ്പര സ്നേഹം ഉത്തരവാദിത്വം തിരിച്ചറിവ്
- മഴക്കാലത്ത് ചുറ്റുപാടിലും ഉണ്ടാകുന്ന മാറ്റം തരിച്ചറിയൽ
- ജലോപയോഗം വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യുക
- സസ്യങ്ങൾ പൂക്കൾ പഴങ്ങൾ സവിശേഷത കണ്ടെത്തൽ പട്ടികപ്പെടുത്തൽ
- സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ ഉണ്ടെന്ന തിരിച്ചറിവ്
- വിവിധതരം ആഘോഷങ്ങൾ ഒരുക്കങ്ങൾ ആഘോഷ രീതി വ്യത്യസ്തമാണ്
- ദിനാഘോഷങ്ങൾ പറയുന്ന എഴുതുന്ന
- ആഹാരം ആരോഗ്യം ബന്ധം പ്രയോജനങ്ങൾ
- കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കൽ
- വാഹനങ്ങൾ പട്ടികപ്പെടുത്തൽ സവിശേഷത കണ്ടെത്തൽ
- വാർത്താവിനിമയ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ

പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- വീട് പലതരം ഐസിടി
- വീട് നിർമ്മിക്കാം
- ജലത്തിൻറെ ഉപയോഗം ടി ബി പ്രവർത്തനം
- പഴം പച്ചക്കറി പൂവ് കളി
- ചെടി ക്ലാസ്സിൽ പ്രദർശിപ്പിക്കൽ
- ആഘോഷങ്ങൾ ഐസിടി
- ദിനാഘോഷം ഐസിടി
- പതാക നിർമ്മാണം

- ആഹാരം ആരോഗ്യം ഐസിടി
- വളർത്തുമൃഗങ്ങൾ ചിത്രം ശേഖരണം എൻറെ വീട്ടിലും സ്കൂളിലും
- പച്ചക്കറി കൃഷിയിടം സന്ദർശിക്കുക
- വാർത്ത വിനമയ ഉപകരണം

# രണ്ടാം ക്ലാസ്

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക
- എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാതെ ക്ലാസ്സില വാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുക
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു
- ചിത്രത്തെ അസ്പദമാക്കി സംഭാഷണം ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു
- ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു
- എല്ലാ കുട്ടികളും രക്ഷിതാവിൻറെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുന്നു
- ആകർഷകവും സമഗ്രവുമായ നോട്ടുബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു

മുന്നൊരുക്കം

- പ്രീ ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ സി പി ടി എ നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു

പ്രവർത്തന ലക്ഷ്യം

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

ജൂൺ

- അക്കാദമിക് മാസ്റ്റർ പ്ലാൻ
- പ്രവേശനോത്സവം
- ക്ലാസ് പിടിഎ
- പഠനോപകരണ നിർമ്മാണ ശില്പശാല
- ചിത്ര കാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ
- വായന സമഗ്രികൾ നിർമ്മാണം
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രം വികസിപ്പിക്കൽ

ജൂലൈ

- പഠനോപകരണ ശില്പശാല (2)
- സംയുക്ത ഡയറി ആരംഭിക്കാൻ
- ഭാഷയുമായി ബന്ധപ്പെട്ട I C T സാധ്യത ഉറപ്പാക്കുന്നു
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
- സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ പ്രദർശനം നടത്തൽ
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ

ആഗസ്റ്റ്

- രചനോത്സവം
- പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക് ക്ലാസ് പിടിഎയിൽ കുട്ടികളുടെ തത്സമയ പ്രകടനങ്ങൾ
- വായനോത്സവം ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കൽ
- വീട്ടിൽ ഒരു ലൈബ്രറി ഒരുക്കൽ
- ചിത്രവിവരണം
- വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു
- ഭാഷാ വികാസ മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ

- വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗ ആവിഷ്കാരം നടത്തൽ
- പാട്ടരങ്ങ് പ്രകൃതി നടത്തം യാത്രാവിവരണം ഭാഷണം ലേഖനത്തിന് അവസരം ഒരുക്കൽ

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ട മുൻഗണന നൽകുന്നു
- ആന- ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ
- വായനാ കാർഡുകൾ ഒരുക്കുന്നു

  ഉദാഹരണം

  ആന

  വലിയ ആന

  കറുത്ത വലിയ ആന

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു
- എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു
- വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു

ജനുവരി

- വരികൾ ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ( കവിതാ പൂരണം)
- ലഘു വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ
- അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ച എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം വായന എഴുത്ത് )
- കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ
- എല്ലാതലത്തിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ഉറപ്പാക്കാൻ

മാർച്ച്

- വ്യക്തിഗത രചനക്ക് പ്രോത്സാഹനം ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കയ്യെഴുത്ത് മാസിക മാഗസിനുകൾ തയ്യാറാക്കൽ
- വീട്ടു വായന കൂട്ടുവായന നാട്ടുവായന അമ്മ വായന ചിത്ര വായന പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി ശക്തമാക്കൽ
- നവമാധ്യമങ്ങളിലും പിടിഎ മീറ്റിംഗിലുമവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ

# ഗണിതം

ഗണിത പഠനം രസകരവും ആസ്വാദകരവും ആയി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസ ഗണിതം പദ്ധതിയും മുന്നോട്ട് വന്നത് ഓരോ പഠന നേട്ടത്തിലൂടെയും ഗണിദാശയങ്ങൾ ഉൾക്കൊണ്ടുതന്നെ ആവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിത പ്രവർത്തനത്തിലും നേടിയെടുക്കേണ്ടത് നേടിയെടുക്കുക തന്നെയാണ് മുന്നോട്ടുവെക്കുന്ന ലക്ഷ്യം

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു (നൂറിൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരത്തിൽ എത്തിച്ചേരാൻ കഴിയും എന്ന ബോധം കൈവരിക്കൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ

മുന്നൊരുക്കം

ഗണിത ആശയങ്ങളിൽ കുത്തി കൈവരിച്ചു വെച്ച കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു

പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തുന്നു

ജൂൺ

- 1 ,2 ,3 ,4
- 1 ,3 ,5 ,7
- 10 ,20 ,30
- 5 ,10 ,15 ,20
- 2 ,4 ,6 ,.8 ,.........തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് ഒന്നു കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒന്ന് കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടുമെന്ന് തിരിച്ചറിവുണ്ടാക്കൽ
- നാടകശാല റാണിയും മക്കളും വോളിബോൾ കളി ഡോമിനോ കളി മഞ്ചാടിക്കരയിലെ ഉത്സവം

ജൂലൈ

- ജാമിതീയ രൂപങ്ങൾ കൊണ്ട് വീടിന്റെ ചിത്രം വീട് നിർമ്മാണം ഒരുകൂട്ടം വസ്തുക്കളോട് അതെ ഇനത്തിൽപ്പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണാൻ പറയൽ

- ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കൽ 10+2 =12, 20+ 5= 25

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പാറ്റേണുകൾ കണ്ടെത്തൽ
- 99നോട് ഒന്നു കൂട്ടിയാൽ 100 ആകും എന്ന പ്രവർത്തനം
- 10 പത്തുകൾ ചേർന്നാൽ 100 ആകും
- 100 ഒന്നുകൾ ചേർന്നാൽ 100 ആകും
- ഓരോ സംഗതികളെയും പ്രയോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ
- മാമ്പഴം എത്ര ,കുട്ടി എഴുതാം ,പോഷകാഹാരം ,കണക്കെടുപ്പ് ,പട്ടിക പൂർത്തിയാക്കാം, ശുചിത്വ ക്ലബ്ബ്, കടയിലേക്ക് ,സംഖ്യ മാല ,കാർഡുകളി

സെപ്റ്റംബർ

- ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വില വിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട ,സ്കൂളിലൊരു കട
- ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു
- രണ്ടക്കസംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം രണ്ടക്ക സംഖ്യകൾ തമ്മിൽ സംഘലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ പാറ്റേണിലെ സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ 5 ,10 ,15 ,20 ……

നവംബർ

- സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത് )

- പ്രായോഗിക പ്രശ്നപരിഹാരണത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- ക്ലാസിൽ ഒരു കട്ട കളിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യൽ
- നാണയങ്ങളും ,നോട്ടുകളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ
- 10 രൂപ പ്ലസ് അഞ്ച് രൂപ സമം 15 രൂപ നോട്ട് + നാണയം

ഡിസംബർ

- സംഖ്യാ ബോധം തിരിച്ചറിയൽ
- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ് അബാക്കസ് നിർമ്മാണം
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു
- കലണ്ടർ പാറ്റേൺ താരതമ്യം ചെയ്യൽ
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക

ജനുവരി

- വില വിവരപട്ടിക തയ്യാറാക്കൽ ,വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ ,പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നനിർധാരണം

ഫെബ്രുവരി

- ഗണിതം ആസ്വാദകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ
- ഗണിത പഠനം കളരി കളിരീതിയിൽ ഉറപ്പാക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ
- മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

# English

**Aim** : To speak , read and write English without any mistake
**Time** : June to March
**Pretest** :to check the vocabulary and writing skills of pupils

**June and July**

- To develop listening skills and reading skills

**Listening skills**

- games action songs
- Conversations,skit stories ,use I C T

**speaking skills**

- Identify the naming words from the picture
- Identify the action words from the same pictures
- Make Simple sentences using the action word and naming words about the pictures
- Growing sentences ,picture reading ,self introduction ,assembly are also conducted

**Activities**

- Speech, book review ,quiz riddlrs ,self introduction role play, Word Web, conversation ,picture description ,Story ,song, thoughts , drawing vegetables ,description on vegetables, riddles, giving directions to read places ,reading cards ,vegetable printing projects on vegetables making a kite

**August and September**

Develop the creative speaking and writing

**Reading skills**

- newspaper reading library books reading book review reading breaking news
- find words
- Collct and read past tense
- Rhyming words describing words etc
- Textbook activities

**writing skills**

- Make word web
- picture description picture description with describing words
- word chain sentence chain
- make words and sentences
- make riddles ,conversations
- Add more lines

**Activities**

- Story ,song ,description ,conversation ,speech, book review qiuz , riddles, self introduction ,make description magazines etc

**October and november**

To express thoughts,feelings etc

**Reaiding skills**

- newspaper reading library books reading book review reading conversation skit stories use ICT
- Read breaking news read notice

**writing skill**

- description
- Notice ,proclamation
- Thought

**Activities** s

- Speech ,quiz,riddles ,Kits realistic

**December and January**

- Develop the creative speaking and writing
- To express thoughts feelings etc

**Reading skill**

- Newspaper reading library books other books reading cards
- Conversations skit stories use ICT material
- Reaiding breaking news
- Develop story
- Read diary
- Read letter from friend
-

**writing skills**

- Diary ,letter ,announcement

**Activities**

- Story ,songs ,description ,conversation, speech , quiz, riddles, skit, classroom activities etc

**February and March**

To improve the presentation power

**Reading Skill**

- News paper reading ,library books,reading etc
- Conversation, skit stories ,use I C T
- Read breaking news
- Develop story
- Read diary

**Writing skill**

- Diary
- Letter
- Announcement
- Description
- Notice
- Proclation
- Thought

**Activities**

Speech,quiz.riddles,skits,etc

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മൂന്നാം ക്ലാസ്

# പരിസര പഠനം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത് പരിസര പഠനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട് പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ് സഹജീവി സ്നേഹം അലിവ് ആർദ്രത സഹിഷ്ണത  അനുകമ്പ ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരായി മാറ്റുക

ലക്ഷ്യം

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യം വളർത്തുക
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക

പ്രവർത്തന പദ്ധതികൾ

ജൂൺ - ജൂലൈ

- പ്രീ ടെസ്റ്റ്
- അവലോകനം
- പ്രകൃതി നടത്തം
- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
- പ്രത്യേകതകൾ മനസ്സിലാക്കൽ
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം
- ജീവികളുടെ പരസ്പരാശ്രുമത്വം, ചർച്ച
- സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണം (പരിസ്ഥിതി ദിനം )
- പരിപാലനം
- വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ
- പരിസര മലിനീകരണം (ചർച്ച)  ജലമലിനീകരണം
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ
-

ജൂലൈ -സെപ്റ്റംബർ

- ദിന കൃത്യങ്ങൾ
- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു
- ദിവസ പരിശോധന ചുമതലക്ക് ഗ്രൂപ്പുകൾ ആക്കുന്നു
- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം ക്ലാസ്സും പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തിയ മാർക്ക് നൽകുന്നു
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു പരിസരങ്ങളിൽ പതിക്കുന്നു

ഒക്ടോബർ -ഡിസംബർ

- ഫീൽഡ് ട്രിപ്പ് നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം ,വയൽ ,പുഴ)
- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു പരിസരങ്ങളിൽ പതിക്കുന്നു

ജനുവരി--മാർച്ച്

- ശാസ്ത്ര കൗതുകം വളർത്തുന്ന പ്രവർത്തനങ്ങളിൽ (പരീക്ഷണങ്ങളിൽ )ഏർപ്പെടുന്നു
- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു
- പക്ഷി നിരീക്ഷണത്തിന് അവസരം
- പച്ചക്കറി തോട്ടത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം

# ഗണിതം

ഒന്ന് ,രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയുള്ളവരും ശേഷികൾ കൈവരിച്ച വരും ആണ് മൂന്നാം ക്ലാസിലെ കുട്ടികൾ. ആയതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകൽപ്പന ചെയ്യേണ്ടതുണ്ട് കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്

ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കൽ
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

പ്രവർത്തന പദ്ധതികൾ

ജൂൺ

- നറുക്കെടുക്കാം
- സംഖ്യകൾ എഴുതിയ നറുക്ക കുട്ടികൾക്ക് നൽകുന്നു
- കിട്ടിയ സംഖ്യ വായിക്കാം
- മറ്റുള്ളവർ  സ്വയം എഴുതുന്നു
- 10 ചങ്ങാതിമാർ
- സംഖ്യ നറുക്കെടുക്കുന്നു
- കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം

ജൂലൈ

- ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു
- അതിനടുത്തുള്ള സംഖ്യകൾ എഴുതുന്നു (10 എണ്ണം)
- ഇവയെ കളി നോട്ട് ഉപയോഗിച്ച് 1, 10 ,100 ന്റെ കൂട്ടങ്ങൾ ആക്കി മാറ്റുന്നു.
- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ എഴുതാം
- ഗ്രൂപ്പിൽ ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു

ആഗസ്റ്റ്

- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു
- അരവിന്ദ് ഗുപ്തകാർഡ്  ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം
- 100 വീതം കൂട്ടി ആയിരം വരെ പറയുന്നു

സെപ്റ്റംബർ

- സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു
- അവ തമ്മിലുള്ള സംഖ്യലനം വ്യവകലനം എന്നിവ കണ്ടെത്തുന്നു
- ക്രിയ ചെയ്യുന്നു

ഒക്ടോബർ

- ഗണിത വിജയം കളികൾ
- അധ്യാപിക ബ്ലാക്ക് ബോർഡിൽ സംഖ്യ എഴുതുന്നു
- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകുന്നു

- ആരുടെ ഉത്തരമാണ് ബ്ലാക്ക് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തുന്നു

നവംബർ

- വിവിധ ക്രിയകൾ അടങ്ങിയ പട്ടികചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു
- കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തി ഒട്ടിക്കുന്നു

ഡിസംബർ

- വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ
- ഗണിതാശയ രൂപീകരണം നടത്താൻ
- അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത മൂന്നക്ക സംഖ്യകൾ ഉണ്ടാക്കൽ
- ഗണിതകേളികളിൽ ഏർപ്പെടുന്നു

ജനുവരി

- കച്ചവടക്കണക്ക് (ക്ലാസിൽ)
- കുട്ടികളുടെ ബുക്ക് പേന പെൻസിൽ etc ഇവക്ക് വില നൽകി കട ക്രമീകരിക്കുന്നു
- കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി കളിക്കുന്നു
- സാധനം വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു
- പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു

ഫെബ്രുവരി

- പ്രായോഗിക പ്രശ്നപരിഹാരം നടത്തുന്നു
- ത്രാസ് അളവ് പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം

മാർച്ച്

- ഗണിത വിജയ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തൽ
- C P T A നടത്തുന്നു
- മികവുകൾ പരിചയപ്പെടുത്തുന്നു
- അവതരിപ്പിക്കുന്നു

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

# ഗണിതം.

ലക്ഷ്യങ്ങൾ.

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്കുക.
- _ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനവുമായി പ്രയോജന പ്പെടുത്തുക.
- യുക്തി ചിന്ത, ഗണിത ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

പ്രവർത്തനങ്ങൾ

ജൂൺ.

- മൂന്നക്ക,നാലക്ക സംഖ്യകളുടെ സംഖ്യാബോധം വ്യാഖ്യാനം.
- സംഖ്യകളെ ക്രമത്തിലാക്കൽ.
- സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതൽ.
- കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിത കേളികൾ.
- പറ്റേൺ വിശകലനം.
- റോമൻ സംഖ്യാ സമ്പ്രദായം പരിചയപ്പെടൽ.

ജൂലൈ.

- ക്ലോക്ക്, വാച്ച് നോക്കി സമയം പറയൽ.
- മിനുട്ട്, സെക്കന്റ്, മണിക്കൂർ, എന്നിവ തമ്മിലുള്ള  ബന്ധം വിശദീകരിക്കുന്നു.
- സമയത്തെ am, pm, എന്നിവ ഉപയോഗിച്ച് പറയുന്നു.
- സമയ ദൈർഘ്യം കണ്ടെത്തുന്നു.
- കലണ്ടർ  പരിചയപ്പെടുന്നു.
- സമയം, കലണ്ടർ, ഇവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തുന്നു.

ഓഗസ്റ്റ് —-സെപ്റ്റംബർ.

- രണ്ടക്ക, മൂന്നക്ക, നാലക്ക, സംഖ്യകളുടെ  സങ്കലനം.
- സങ്കലനവുമായി  ബന്ധപ്പെട്ട  പ്രായോഗിക പ്രശ്നങ്ങൾ  പരിഹരിക്കുന്നു.

ഒക്ടോബർ —--- നവംബർ.

- രണ്ടക്ക, നാലക്ക, സംഖ്യകളുടെ, വ്യവകലനം
- വ്യവകലനവുമായി  ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

ഡിസംബർ.

- സംഖ്യകളെ ആവർത്തിച്ചു കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ  കണ്ടെത്തൽ.
- വസ്തുക്കളെ കൂട്ടങ്ങളായി  ക്രമീകരിക്കൽ.
- കൂട്ടങ്ങളെ എണ്ണം കൊണ്ട് ഗുണിക്കൽ.
- ഗുണന ക്രിയകൾ  പരിചയപ്പെടൽ.
- ഗുണനത്തിന്റെ വ്യത്യസ്ത രീതികൾ  പരിചയപ്പെടൽ.

ജനുവരി.

- ഹരണത്തിന്റെ  വിവിധ രീതികൾ പരിചയപ്പെടൽ.
- പ്രശ്നങ്ങൾ ഹരണ ക്രിയയിലൂടെ നിർധാ രണം  ചെയ്യൽ.
- പറ്റേൺ കണ്ടെത്തൽ.
- ½,¼ എന്നിവ പരിചയപ്പെടൽ.

ഫെബ്രുവരി.

- ജ്യാമിതീയ  രൂപങ്ങൾ  പരിചയപ്പെടുന്നു.
- ചെറിയ യൂണിറ്റുകൾ ഉപയോഗിച്ച് നീളം  അളക്കുന്നു.
- ചുറ്റളവ്  എന്ന ആശയം മനസ്സിലാക്കുന്നു
- ചതുരം, സമചതുരം, ത്രികോണം, എന്നിവയുടെ ചുറ്റളവ് കണ്ടെത്തുന്നു.

മാർച്ച്.

- പതിനായിരത്തിനെ സ്ഥാന വിലയ്ക്കനുസരിച്ച് ക്രമീകരിക്കൽ.
- അഞ്ചക്ക സംഖ്യകൾ പരിചയപ്പെടൽ.

# മലയാളം.

ലക്ഷ്യങ്ങൾ.

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഇവ തെറ്റ് കൂടാതെ എഴുതാനും, വായിക്കാനും പ്രാപ്തി നേടൽ.
- വാക്കുകൾ, വാക്യങ്ങൾ, നിർമ്മിക്കാനും, എഴുതാനും പ്രാപ്തി നേടൽ.
- മികച്ച ഭാഷയിൽ എഴുതാനും, ഒഴുക്കോടെ സ്വതന്ത്രവായന നടത്താനും, കൃത്യമായ സന്ദർഭങ്ങളിൽ ഭാഷശേഷി പ്രയോഗിക്കാനും പ്രാപ്തി നേടൽ.
- ബാല സാഹിത്യ കൃതികൾ വായിക്കാനും, ആസ്വദിക്കാനും, കുറിപ്പുകൾ തയ്യാറാക്കാനും, അവയെ മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റാനുമുള്ള കഴിവ് നേടൽ.
- കഥ, കവിത, എന്നിവ സ്വന്തം ഭാഷയിൽ രചിക്കൽ, ക്ലാസ്സ് തല പതിപ്പുകൾ തയ്യാറാക്കൽ.

പ്രവർത്തനങ്ങൾ.

- പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു.
  അക്ഷരം ഉറപ്പിക്കൽ.
- ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.
- വാക്കുകൾ, വാക്യങ്ങൾ രൂപീകരിക്കൽ.
- ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ.

കഥയരങ്ങ്.

- ചിത്രങ്ങളിലൂടെ  കഥയിലെ  സന്ദർഭങ്ങൾ അവതരിപ്പിക്കൽ.
- കഥകൾ വായിച്ച് അവതരിപ്പിക്കൽ.
- ICT സഹായത്താൽ കഥകൾ ആസ്വദിക്കുന്നു.
- കുറിപ്പുകൾ തയ്യാറാക്കുന്നു.

കവിതാ വായനയും ആസ്വാദനവും.

- കുട്ടിക്കവിതകൾ  വായിക്കുന്നു.
- ഈണങ്ങൾ കണ്ടെത്തുന്നു.
- ആസ്വാദനകുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു.
-

ദിനാചരണങ്ങൾ.

- വായനയും, എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചാരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- ക്ലാസ്സ് തല വായന കൂട്ടം രൂപീകരിക്കൽ.
- ക്ലാസ്സ് ഗ്രൂപ്പുകളിൽ വയനാകാർഡുകൾ,പുസ്തകങ്ങൾ, ബാല സാഹിത്യ പ്രസിദ്ധീകരണങ്ങൾ ഇവ വായിക്കുന്നു.
- ക്ലാസ്സ്, അസംബ്ലി, എന്നിവിടങ്ങളിൽ അവതരിപ്പിക്കൽ.
- വായനാ കുറിപ്പുകൾ തയ്യാറാക്കൽ.
- ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ.
- കുട്ടികളുടെ സഹായത്താൽ പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി ഒരുക്കുന്നു.
- എഴുത്തു കൂട്ടം രൂപീകരിക്കൽ.
- ചെറു കഥകൾ, കവിതകൾ, വാർത്തകൾ, കുറിപ്പുകൾ, എഴുതുന്നു.
- ചുമർ പത്രികകൾ തയ്യാറാക്കുന്നു.
- ക്ലാസ്സ് തല  പതിപ്പുകൾ തയ്യാറാക്കുന്നു.
- രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

# പ്രധാനപ്രവർത്തനലക്ഷ്യങ്ങൾ

നാലാം ക്ലാസിലെ എല്ലാ കുട്ടികളും തങ്ങളുടെ അനുഭവങ്ങളെയും കണ്ട കാഴ്ചകളെയും സർഗാത്മകമായി വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കാൻ പ്രാപ്തി നേടുന്നു

# പഠന നേട്ടങ്ങൾ

അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു

ആശയങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നു

എല്ലാ കുട്ടികളും പാഠപുസ്തകത്തിലെ കവിതകളുടെ ഈണത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ഭാവാത്മകമായി അവതരിപ്പിക്കാനുള്ള ശേഷി നേടുന്നു

# പഠന നേട്ടങ്ങൾ

സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു

ആശയം, പുതിയ പദങ്ങൾ , പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ചൊല്ലി രസിക്കുന്നു.

എല്ലാ കുട്ടികൾക്കും പുതിയ കവിതകൾ പാട്ടുകൾ വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവതരിപ്പിക്കുന്നതിനും താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് കവിതകൾ വിപുലപ്പെടുത്തുന്നതിനും കഴിവുണ്ടാകുന്നു

# പഠന നേട്ടങ്ങൾ

വ്യത്യസ്ത വായ്ത്താരികളും സമാന കവിതകളും ശേഖരിക്കുന്നു , ഈണത്തിൽ അവതരിപ്പിക്കുന്നു

കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു

എല്ലാ കുട്ടികളും കവിതകൾ പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രാപ്തി നേടുന്നു

# പഠന നേട്ടങ്ങൾ

പാഠത്തിലെ ആശയത്തെ ചിത്രീകരണം, അഭിനയം തുടങ്ങിയ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കുന്നു.
നാലാം ക്ലാസിലെ കുട്ടികളെല്ലാവരും കഥകൾ സ്പഷ്ടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി അവതരിപ്പിക്കുന്നു. കഥാപാത്രങ്ങളുടെ സവിശേഷതകൾ അനുസരിച്ച് സംഭാഷണങ്ങൾ അവതരിപ്പിക്കുന്നു. കഥകളെ നാടക രൂപത്തിൽ അവതരിപ്പിക്കുന്നതിനും കഴിവ് നേടുന്നു.

# പഠന നേട്ടങ്ങൾ

കഥ, വിവരണം, എന്നിവ ഉച്ചാരണശുദ്ധി ഒഴുക്ക് ആവശ്യമായ ഭാവ വ്യത്യാസം എന്നിവയോടെ വായിച്ച് അവതരിപ്പിക്കുന്നു കഥയെ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നു

# ജൂൺ- ജൂലൈ

വ്യത്യസ്ത കവിതകൾ ശേഖരിക്കുന്നു
ഈണം കണ്ടെത്തുന്നു
താളത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു
വ്യത്യസ്ത വായ്ത്താരികൾ കണ്ടെത്തുന്നു
കവിതയുടെ ദൃശ്യാവിഷ്കാരം നടത്തുന്നു
കാവ്യോത്സവം സി പി ടി എ വിളിച്ച് ചേർത്ത് സംഘടിപ്പിക്കുന്നു റീഡേഴ്സ് തിയേറ്റർ ആരംഭം
സർഗാത്മക ഡയറി എഴുത്തിന് തുടക്കം കുറിക്കുന്നു

# ആഗസ്റ്റ് - സെപ്റ്റംബർ

സർഗാത്മക ഡയറിയിൽ കുട്ടികളുടെ അനുഭവങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ഉൾപ്പെടുത്തുന്നു
അനുഭവങ്ങളും കാഴ്ചകളും ചിത്രീകരിക്കുന്നു
ഡയറി പ്രകാശനം നടത്തുന്നു

റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും ഉള്ള വായന ആശയങ്ങളെ മറ്റ് വ്യവഹാര രൂപങ്ങൾ( സംഭാഷണം നാടകം എന്നീ രൂപങ്ങളിൽ അവതരിപ്പിക്കുന്നു)

## ഒക്ടോബർ- നവംബർ

കാവ്യോൽസവം
കവിതയിലെ ആശയങ്ങളെ സംഭാഷണം ചോദ്യോത്തര പയറ്റ് ,കഥ എന്നീ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു
വായനാ മത്സരം
ക്ലാസ്സ് ലൈബ്രറി
പത്രവായന

## ഡിസംബർ ജനുവരി

സർഗാത്മക ഡയറി എഴുത്തിനായി ഒരു കാഴ്ച സംഭവം തിരഞ്ഞെടുക്കുന്നു
അതിനെ ഭാവാത്മകമായി ചിത്രീകരിക്കുന്നു
സംഭവങ്ങളെ കവിത കഥാപാത്രവാർത്ത വിവരണം ചിത്രകഥ എന്ന രൂപത്തിലേക്ക് മാറ്റുന്നു

## ഫെബ്രുവരി- മാർച്ച്

രചനോത്സവം
കാവ്യോത്സവം
പഠനോത്സവം
പതിപ്പ് പ്രകാശനം

കുഞ്ഞെഴുത്തുകളുടെ പ്രദർശനം

# ENGLISH

**Aim**

- To speak ,read and right English without any mistakes
- 

**Time June July August**

**June**

- pretest

  to develop listening skills and reading skills first

**listening skills**

- simple games
- Action songs
- Conversation h
- Hello English activities

- Conversation
- Skit
- stories

**Use ICT**
**Speaking skills**

**August and September**
- Growings sentences
- Making picture descriptions
- Picture reading
- Self introduction
- Assembly Activities
- Speech

**October and November**
**Reading skills**

- Picture reading
- Find words
- Read simple s3ntences
- Story book reading
- News paper reading
- Rhyming words
- Describing words and picture

**Writing skills**
**December, January and February**

- Makevword verb
- Make picture description
- Make word chains
- Make sentence chain
- Make word webs
- Simple riddles
- Write simple poems and stories using pictures
- Write simple thoughts
- Add more lines to the given poems and stories
- Write simpkr dialogues
- Develop stories
- Develop descriptions
- Letter announcement
- Prepare notice and posters
- Diary writing
- Magazines
- Use I C T

# പരിസര പഠനം.

## ലക്ഷ്യങ്ങൾ.

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താല്പര്യവും വളർത്തുക.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനങ്ങൾ രൂപീകരിക്കൽ.
- പ്രകൃതി നിരീക്ഷണ പ്രവർത്തങ്ങളിൽ ഏർപ്പെടൽ.
- വ്യക്തി ശുചിത്വം, പരിസര ശുചിത്വം, എന്നീ മനോഭാവങ്ങൾ വളർത്തിയെടുക്കൽ.

# പ്രവർത്തനങ്ങൾ.

പ്രകൃതി നടത്തം.

- ചുറ്റു പാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ.
- പ്രത്യേകതകൾ കണ്ടെത്തൽ.
- ആവാസ വ്യവസ്ഥകൾ അടുത്തറിയൽ.
- ജീവികളുടെ പരസ്പരാ ശ്രയത്വം കണ്ടെത്തി ചർച്ച ചെയ്യൽ.

- നമ്മുടെ ചുറ്റുപാടിൽ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തൽ.
- പ്രകൃതിക്ക് ഭീഷണിയാവുന്ന മനുഷ്യരുടെ ഇടപെടലുകൾ മനസ്സിലാക്കൽ.

പൂന്തോട്ടം ഒരുക്കൽ.

- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.
- വീട്ടിൽ പൂന്തോട്ടം ഒരുക്കൽ.

ഒരു തൈ നടാം.

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടൽ.
- നട്ട വൃക്ഷം പരിപാലിക്കൽ.

പോസ്റ്റർ നിർമ്മാണം.

- പ്രകൃതി സംരക്ഷണ പോസ്റ്ററുകൾ തയ്യാറാക്കി പരിസരങ്ങളിൽ പതിക്കുക.

പരിസര നടത്തം.

- നമ്മുടെ പരിസരത്തുള്ള മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ എടുക്കുന്നു.

ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനങ്ങളിൽ ഏർപ്പെടുന്നു.

പക്ഷി നിരീക്ഷണം.

- നമ്മുടെ പ്രദേശത്ത് കാണപ്പെടുന്ന പക്ഷികളെ നിരീക്ഷിച്ച്, സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുന്നു.

ശുചിത്വ മത്സരം.

- ക്ലാസ്സ് തല ശുചിത്വ മത്സരം സംഘടിപ്പിക്കുന്നു.
- സ്കൂൾ പരിസരം ശുചിയാക്കൽ.

നാടിനെ അറിയാം.

- തന്റെ പ്രദേശത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, ചരിത്ര സ്മാരകങ്ങൾ, കൃഷിയിടങ്ങൾ, സന്ദർശിക്കുന്നു.
- വിവരശേഖരണം നടത്തി പ്രാദേശിക പതിപ്പ് തയ്യാറാക്കുന്നു.

പറവകൾക്കൊരു തണ്ണീർ കുടം.

- സ്കൂളിലും, വീടുകളിലും, വേനൽക്കാലത്ത് പറവകൾക്കായി തണ്ണീർ കുടം ഒരുക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ (അറബിക്)

## ആമുഖം

ലോക ഭാഷകൾക്കിടയിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്ന ഒരു ഭാഷയാണ് അറബി ഭാഷ 50 രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയാണ് അറബി ഈ ഭാഷയുടെ സാധ്യതകളും വ്യാപ്തിയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിത് ഭാഷാ വികാസം എന്നത് വളരെ പ്രധാനപ്പെട്ടതാണ് കുട്ടികൾക്ക് അറബിഭാഷ സ്വായത്തമാക്കാൻ കഴിയുന്ന തലത്തിലുള്ള പ്രവർത്തനങ്ങൾ ആണ് അക്കാദമിക് മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത് എഴുത്തും വായനയും സാധ്യമാക്കുന്നതിലുപരി ജീവിത സാഹചര്യങ്ങളിൽ അറബി ഭാഷ ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നത് പ്രധാന ഉദ്ദേശം ആണ് അതുവഴി അറബിഭാഷ മുടി നേടി നൈപുണി നേടി ഒരു നല്ല വിദ്യാർത്ഥിയായി നിഖില മേഖലകളിലും മികവുറ്റവരായി മാറാൻ സാധിക്കണം അതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്

# ഒന്നാം ക്ലാസ്

ലക്ഷ്യങ്ങൾ

- തെറ്റ് കൂടാതെ അക്ഷരങ്ങളും പദങ്ങളും വായിക്കുവാനുള്ള കഴിവുണ്ടാവുക
- അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കാനും എഴുതാനും പ്രാപ്തി നേടാൻ

പ്രവർത്തനങ്ങൾ

- അക്ഷരവായന
- ക്ലാസ് വായന
- ചിത്രവായന
- വീട്ടുവായന
- വാക്യകൾ ഉറപ്പിക്കൽ
- ഈ ടെക്സ്റ്റ് ഉപയോഗിച്ച് വായന
- അക്ഷരക്കാർഡുകൾ വായിക്കാൻ പരിശീലിപ്പിക്കുന്നു
- പാഠവുമായി ബന്ധപ്പെട്ട പുതിയ പദങ്ങൾ നിർമ്മിക്കാൻ പ്രാപ്തരാക്കുക
- ഓരോ പാഠത്തിലെയും പുതിയ പദങ്ങൾ കണ്ടെത്തി എഴുതാനും വായിക്കാനും പരിശീലിപ്പിക്കുക
- കവിത ആസ്വദിക്കാനുള്ള അവസരങ്ങൾ ക്ലാസിൽ സൃഷ്ടിക്കുക
- ഐസിടി ഉപയോഗപ്പെടുത്തി ഈണങ്ങൾ ഉറപ്പിക്കുക
- കുട്ടിയുടെ കയ്യക്ഷരംനന്നാക്കാൻ നിരന്തരം വർക്കുകൾ നൽകുക
- ആസ്വാദകരമായ ആക്ടിവിറ്റി നൽകുക

# രണ്ടാം ക്ലാസ്

ലക്ഷ്യങ്ങൾ

- ആശയ ഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക
- കൈയ്യക്ഷരം മനോഹരമാക്കി തീർക്കുക
- കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പോരായ്മകൾ നികത്തുക

പ്രവർത്തനങ്ങൾ

- അക്ഷരവായന
- പദവായന
- ക്ലാസ് വായന
- കേട്ടെഴുത്ത്
- കഥാവായന
- ഇ ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുക
- ലാംഗ്വേജ് ഗെയ്ം കളിക്കുക
- പദ സമ്പത്ത് വർദ്ധിപ്പിക്കൽ
- ഒരേ അക്ഷരം കൊണ്ട് തുടങ്ങുന്ന പത്തിലധികം പദങ്ങൾ നിർമ്മിക്കൽ
- ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ
- വാക്കുകൾ വാക്യങ്ങൾ രൂപീകരിക്കൽ

# മൂന്നാം ക്ലാസ്

ലക്ഷ്യങ്ങൾ

- സ്വന്തമായി ആശയ അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ കഴിയുക
- അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുക
- മുൻവർഷ ന്യൂനതകൾ നികത്തുക

പ്രവർത്തനങ്ങൾ

- ലൈബ്രറി വായന
- വീട്ടുവായന
- കഥാവായന
- വായനാ മത്സരങ്ങൾ സംഘടിപ്പിക്കുക
- മോണിറ്ററിംഗ്
- ഈ വായന
- ആശംസ കാർഡുകൾ നിർമ്മിക്കാൻ പരിശീലിപ്പിക്കുക
- ക്ലാസ് സംഭാഷണം
- അറബിയിൽ സ്കിറ്റ് അവതരണം

- വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കാനും എഴുതാനും പ്രാപ്തി നേടൽ
- ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ
- ചിത്രങ്ങളിലൂടെ കഥയിലെ സന്ദർഭങ്ങൾ അവതരിപ്പിക്കൽ

# നാലാം ക്ലാസ്

ലക്ഷ്യങ്ങൾ

- ഒഴുക്കോടെ അറബി വായിക്കാനും തെറ്റ് കൂടാതെ അറബി എഴുതാനുമുള്ള കഴിവുണ്ടാക്കുക
- സ്വന്തമായ ആശയങ്ങൾ അറബിയിൽ പ്രകടിപ്പിക്കാൻ കഴിയുക
- സർഗാത്മക രചനകൾ നിർവ്വഹിക്കാൻ പ്രാപ്തമാക്കുക

പ്രവർത്തനങ്ങൾ

- വായനാ മത്സരങ്ങൾ
- മാഗസിൻ നിർമ്മാണം
- കവിത ആലാപന മത്സരം
- സംഭാഷണം
- അറബി കത്ത് എഴുതാൻ പരിശീലിപ്പിക്കുന്നു
- വിവരണങ്ങളും വാർത്തകളും എഴുതാൻ പരിശീലിപ്പിക്കുക
- സർഗാത്മകമായ മത്സരങ്ങൾ സംഘടിപ്പിക്കുക
- അറബി പുസ്തക വായന
- അറബി പത്രം വായന
- കഥകവിത എന്നിവ സ്വന്തം ഭാഷയിൽ രചിക്കാൻ പരിശീലിപ്പിക്കുക
- രചന മത്സരങ്ങൾ സംഘടിപ്പിക്കുക
- ആസ്വാദകക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുക
- ഈണങ്ങൾ കണ്ടെത്തുക
- കുട്ടിക്കവിതകൾ വായിക്കുക
- ഐസിടി സഹായത്തോടെ കഥകൾ ആസ്വദിക്കുക
- കഥകൾ വായിച്ച് അവതരിപ്പിക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## കലാകായിക പ്രവർത്തി പരിചയം I C T

പ്രവർത്തന ലക്ഷ്യം

- കുട്ടികളിലെ സർഗ്ഗവാസനങ്ങൾ തിരിച്ചറിഞ്ഞു പരിപോഷിപ്പിക്കുക
- ആരോഗ്യ-കായിക വിദ്യാഭ്യാസം
- കരകൗശല പരിശീലനം
- പഠനോപകരണങ്ങൾ നിർമ്മിക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ ഉറപ്പാക്കുക
- വിവരസാങ്കേതികവിദ്യയിൽ കുട്ടിയെയും അധ്യാപികയെയും ശാക്തികരിക്കുക
-

കാലയളവ് ജൂൺ - മാർച്ച്

പ്രവർത്തനങ്ങൾ

- ക്ലാസ് തല ബാലസഭകൾ
- ഫിസിക്കൽ എക്സൈസ്
- ക്രാഫ്റ്റ് വർക്ക് പാഠഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുസരിച്ച്
- പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ കണ്ടെത്തൽ

- പഠനോപകരണ ശില്പശാല
- ചിത്രരചന പാഠഭാഗവുമായി ബന്ധപ്പെട്ടവ
- ഉപകരണങ്ങൾ ഉപയോഗിച്ചും അല്ലാത്തതുമായ കളികളിൽ ഏർപ്പെടൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# സാമൂഹികം

കുട്ടികളിൽ പച്ചക്കറി കൃഷിയോടുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്താനായി സ്കൂളിൽ പച്ചക്കറി കൃഷി തുടങ്ങിയിട്ടുണ്ട് വിളവെടുപ്പ് ഉത്സവം പ്രാദേശിക പിന്തുണയോടെ നടത്തുകയുമാണ് ലക്ഷ്യമിടുന്നത്

പ്രവർത്തനങ്ങൾ

- ക്ലാസ് തല പിടിഎയിൽ നിന്നും പ്രതിനിധികളെ തിരഞ്ഞെടുക്കൽ
- നാട്ടിലെ കാർഷിക മേഖലയിലെ വിദഗ്ധരെ ക്ഷണിക്കൽ
- അവരുടെ സേവനം ഉറപ്പാക്കൽ
- സ്ക്വാഡ് രൂപീകരണം
- കുട്ടികളുടെ സഹായത്തോടെ പരിപാലനം
- പഞ്ചായത്ത് ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ പ്രാദേശിക പിന്തുണയോടെ വിളവെടുപ്പ് ഉത്സവം
- ഉച്ചഭക്ഷണത്തിന് വിഷരഹിത പച്ചക്കറി എന്ന ആശയം ഉറപ്പാക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഭിന്ന ശേഷി വിഭാഗം

ഭിന്ന ശേഷിക്കാരായ കുട്ടികളുടെ പഠനാവശ്യങ്ങൾ ഫലപ്രദമായി നടത്തുന്നതിന് റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാണ് ആഴ്ചയിൽ രണ്ടുദിവസം ബി ആർ സി അധ്യാപകർ സ്കൂളിൽ കുട്ടികൾക്ക് ക്ലാസ് നൽകുന്നു അവർക്കായി പ്രത്യേക ക്ലാസ് മുറി സൗകര്യമുണ്ട് അല്ലാതെ ദിവസങ്ങളിൽ ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ഈ കുട്ടികളെയും പങ്കാളികളാക്കുന്നു

## 1. സജ്ജം

പഠന പിന്തുണ വേണ്ട കുട്ടികളെ പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരുന്ന സജ്ജം പ്രവർത്തനം സ്കൂളിൽ നടന്നു വരുന്നു. പ്രത്യേക മൊഡ്യൂൾ പ്രകാരം ക്ലാസ്സുകൾ നടത്തുന്നു. 3, 4 ക്ലാസ്സിലെ പ്രത്യേക പിന്തുണ ആവശ്യമായ കുട്ടികൾക്കാണിത്. പഠനപ്രവർത്തനങ്ങൾക്കിടയിൽ വിലയിരുത്തൽ പ്രവർത്തനവും നടത്തുന്നുണ്ട്. മാതൃഭാഷാപരിപോഷണ പദ്ധതിയാണിത്.

ആദ്യഘട്ടം - കുട്ടികളെ കണ്ടെത്തൽ.

ക്ലാസ്സ് - 1 : ഭാഷാപരമായ ശേഷി പരിശോധന

ക്ലാസ്സ് - 2 : വീടും പരിസരവും

ക്ലാസ്സ് - 3 : മരം, പാടാം രസിക്കാം

ക്ലാസ്സ് - 4 : ഇല

ക്ലാസ്സ് - 5 : പൂവ്

ക്ലാസ്സ് - 6 : മൂല്യനിർണ്ണയം

ക്ലാസ്സ് - 7 : മൂല്യനിർണ്ണയം

ക്ലാസ്സ് - 8 : തോണി, പാടാം രസിക്കാം

ക്ലാസ്സ് - 9 : തോണി നിർമ്മാണം

ക്ലാസ്സ് - 10 : പാടാം രസിക്കാം, അപ്പു ചിരിച്ചു.

ക്ലാസ്സ് - 11 : കടങ്കഥകൾ

ക്ലാസ്സ് - 12 : കഥ പറയാം

ക്ലാസ്സ് - 13 : ലഡു

ക്ലാസ്സ് - 14 : മൈമിംഗ്, അവതരണം, എഴുത്ത്, വായന

ക്ലാസ്സ് - 15 : വാഹനങ്ങൾ

ക്ലാസ്സ് – 16 : വാഹനങ്ങൾ (ഭാഗങ്ങൾ)

ക്ലാസ്സ് – 17 : മൂല്യനിർണ്ണയം

ക്ലാസ്സ് – 18 : പാടാം രസിക്കാം. ആ..... ആ............. ആന വരുന്നേ

ക്ലാസ്സ് – 19 : മൂല്യനിർണ്ണയം

ക്ലാസ്സ് – 20 : മൂല്യനിർണ്ണയം

**2. ശ്രദ്ധ**

**മികവിലേക്കൊരു ചുവട്**

സമഗ്രഗുണമേൻമാ പദ്ധതിയുടെ ഭാഗമായി 2025 – 26 അക്കാദമിക വർഷത്തിൽ 3, 5, 8 ക്ലാസ്സുകളിൽ ശ്രദ്ധ പദ്ധതി നടപ്പാക്കുന്നു. കുട്ടിയെ ഒരു യൂണിറ്റായി പരിഗണിച്ച് ഓരോ കുട്ടിയും പഠിച്ചു മുന്നേറാനുള്ള സാഹചര്യം ക്ലാസ്സ് മുറിയിൽ ഒരുക്കുന്നു.

സവിശേഷ പരിഗണന, നിരന്തര വിലയിരുത്തൽ, ഗുണാത്മക പിന്തുണ, ലളിതവത്കരിച്ചുള്ള പഠനപ്രവർത്തനങ്ങൾ തുടങ്ങി പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും ശ്രദ്ധപദ്ധതിയിൽ ലക്ഷ്യം വെക്കുന്നു. മൊഡ്യൂൾ പ്രകാരം ക്ലാസ്സുകൾ നടത്തുന്നു. പഠനത്തിൽ പിന്തുണ ആവശ്യമായ കുട്ടികൾക്ക് കഥ, കളി, പാട്ട് എന്നിവയിലൂടെ ആനന്ദപ്രദമായ രീതിയിൽ പഠനാനുഭവങ്ങൾ നൽകുന്ന പദ്ധതിയാണ് ശ്രദ്ധ.

മാതൃഭാഷയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തി അവർക്ക് കൈത്താങ്ങ് നൽകി പരിഹാരബോധനം നടത്തുന്ന പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.

എൽ. പി. തലം – ശ്രദ്ധ പ്രവർത്തനങ്ങളെ 3 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ ഭാഗത്തിലും പത്ത് പ്രവർത്തങ്ങൾ വീതം നൽകിയിട്ടുണ്ട്. ചിത്രങ്ങൾ, വായനാ സാമഗ്രികൾ മുതലായവ അനുബന്ധത്തിൽ നൽകിയിരിക്കുന്നു. നിരന്തര മൂല്യനിർണ്ണയത്തിൻരെ ഭാഗമായുള്ള വർക്ക് ഷീറ്റും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3. സമഗ്രഗുണമേൻമാ പദ്ധതി

സമഗ്രഗുണമേൻമാ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് (3,4) ഉച്ചക്കുള്ള ഇടവേള സമയത്ത്, ഭാഷ, ഇംഗ്ലീഷ് വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നു. ഭാഷ, ഇംഗ്ലീഷ് വിഷയങ്ങളിലെ വായന, ലേഖനം മെച്ചപ്പെടുത്തുകയെന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

വർക്ക്ഷീറ്റുകൾ, വായനാകാർഡുകൾ എന്നിവ ഉപയോഗിച്ച് വായന, ലേഖന പ്രവർത്തനങ്ങൾക്ക് പ്രത്യേക പിന്തുണ നൽകി വരുന്നു. ഗണിതം, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി പരിശീലനം നൽകണമെന്നാണ് ലക്ഷ്യമിടുന്നത്. അടിസ്ഥാനശേഷി വികാസം മെച്ചപ്പെടുത്തുക യെന്നതാണ് ഈ ഒരു ക്ലാസ്സിന്റെ പ്രധാന ഉദ്ദേശം.

## ഉപസംഹാരം

ചാത്തമംഗലം പഞ്ചായത്തിലെ വേറിട്ട പ്രവർത്തനങ്ങളാൽ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികച്ചു നിൽക്കുന്ന ഒരു വിദ്യാലയമാണ് നമ്മുടെ പുള്ളന്നൂർ ന്യൂ ഗവൺമെന്റ് എൽ. പി. സ്കൂൾ. ഈ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ പടിപടിയായി നടപ്പിലാക്കാനും സ്കൂളിനെ മികവിൽ നിന്നും മികവിലേക്ക് നയിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ ആണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്. അധ്യാപകരും നാട്ടുകാരും രക്ഷിതാക്കളും ഒത്തൊരുമിച്ചുകൊണ്ട് നമ്മുടെ വിദ്യാലയത്തിന്റെ ഈ മാസ്റ്റർ പ്ലാൻ യാഥാർത്ഥ്യമാക്കാൻ പരിശ്രമിച്ചാൽ നമ്മുടെ വിദ്യാലയമൊരു മികവിന്റെ കേന്ദ്രമാണെന്ന് ഉറപ്പിക്കാം.

# ജി.എൽ.പി.സ്കൂൾ
# പുള്ളന്നൂർ ന്യൂ

